**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3715** **12-03-2025 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ന്യൂനപക്ഷ വിദ്യർത്ഥികൾക്കായി വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾ ഏതൊക്കെയാണെന്നും ഓരോ വിദ്യാർത്ഥിക്കും നൽകുന്ന തുക എത്രയാണെന്നും അപേക്ഷിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നൽകി വരുന്ന വിവിധ സ്കോളർഷിപ്പ് പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എത്ര പേർ ഈ സ്കോളർഷിപ്പുകൾക്കു അർഹരാണെന്നും ഈ സാമ്പത്തിക വർഷത്തെ സ്കോളർഷിപ്പുകൾ എപ്പോൾ വിതരണം ചെയ്യുമെന്നും എത്ര തുക ഇതിനു വേണ്ടി വരുമെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ബി) | 2024-25 സാമ്പത്തിക വർഷം വിവിധ സ്കോളർഷിപ്പ് പദ്ധതികൾക്കും പരിശീലന പരിപാടികൾക്കുമായി 1,49,823 ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി 4,252.44156 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് ഫണ്ട് വിതരണം പൂർത്തിയാക്കുന്നതാണ്. ജില്ലകൾക്ക് പ്രധാന്യം നൽകിയല്ല മറിച്ച് ബി.പി.എൽ വിഭാഗത്തിന് മുൻഗണന നൽകി കുടുംബ വാർഷിക വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിൽ ജനസംഖ്യാനുപാതികമായിട്ടാണ് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## നൃനപക്ഷ ക്ഷേമ വകുപ്പ് മുഖേന നൽകി വരുന്ന സ്കോളർഷിപ്പ് പദ്ധതികളുടെ വിശദാംശം

| ക്രമ.നം | സ്കോളർഷിപ്പ് പേര് | തുക | സ്കോളർഷിപ്പ് അനുവദിക്കുന്നവർ |
|---|---|---|---|
| 1. | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് | ബിരുദം- 5000/-രൂപ<br>ബിരുദാനന്തര ബിരുദ- 6000/-<br>പ്രൊഫഷണൽ- 7000/-രൂപ<br>ഹോസ്റ്റൽ സ്റ്റൈപ്പന്റ് - 13000/-രൂപ | ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥിനികൾക്കാണ് ഈ സ്കോളർഷിപ്പിന് അർഹത. ബിരുദം, ബിരുദാനന്തരബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവർക്കാണ് നൽകുന്നത് (ഹോസ്റ്റൽ സ്റ്റൈപ്പന്റ്/പ്രതിവർഷ സ്കോളർഷിപ്പ് ഇവയിൽ ഏതെങ്കിലും ഒന്ന്) |
| 2 | മദർതെരേസ സ്കോളർഷിപ്പ് | 15000/- രൂപ | കേരളത്തിലെ ഗവൺമെന്റ് നേഴ്സിംങ് കോളേജുകളിൽ നേഴ്സിംങ് ഡിപ്ലോമ, പാരാ മെഡിക്കൽ ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 45%-ൽ കുറയാത്ത മാർക്ക് നേടിയവരായിരിക്കണം.. |
| 3 | എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ് | 6000/- രൂപ | സർക്കാർ/എയ്ഡഡ്/ സർക്കാർ അംഗീകൃത സ്വാശ്രയ പോളി ടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. |

| | | | |
|---|---|---|---|
| 4 | സി.എ./സി.എം.എ/സി.എസ് സ്കോളർഷിപ്പ് | 15000/- രൂപ | സി.എ/സി.എം.എ/സി.എസ് കോഴ്സുകളിൽ ഫൈനൽ, ഇന്റർമീഡിയേറ്റ് യോഗ്യത നേടുന്നതിനായി പരിശീലന കോഴ്സുകളിൽ പങ്കെടുക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. |
| 5. | യു.ജി.സി/സി.എസ്.ഐ.ആർ/നെറ്റ് പരീക്ഷാ പരിശീലനം | ഒരു ബാച്ചിന് 79,500/- | ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് UGC/CSIR-NET പരീക്ഷയ്ക്ക് സൌജന്യമായി പരിശീലനം നൽകുന്നതിനുള്ള പദ്ധതിയാണിത്. തിരഞ്ഞെടുക്കപ്പെട്ട യൂണിവേഴ്സിറ്റി, കോളേജുകൾ മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നു. |
| 6. | **IITs, IIM, IISc, IMSc** | 50000 | ഐഐടി, ഐഐഎം, ഐഐഎസ്സി ,ഐഎംഎസ്സി എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബിരുദാനന്തര ബിരുദം, പി.എച്ച്.ഡി കോഴ്സുകളിൽ പഠിക്കുന്ന യോഗ്യരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. |
| 7 | പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് | എസ്.എസ്.എൽ.സി/ പ്ലസ് ടു/ വി.എച്ച്.എസ്.ഇ വിഭാഗത്തിന് - 10,000/- രൂപയും, ബിരുദത്തിന് 80% മാർക്ക്, ബിരുദാനന്തര ബിരുദത്തിന് 75% മാർക്ക് നേടി വിജയിച്ചവർക്ക് 15000/- രൂപയും | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി/പ്ലസ് ടു/ വി.എച്ച്.എസ്.ഇ പരീക്ഷകൾക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയവർക്കും,ബിരുദത്തിന് 80% മാർക്ക്, ബിരുദാനന്തര |

| | | | |
|---|---|---|---|
| | | | ബിരുദത്തിന് 75% മാർക്ക് നേടി വിജയിച്ചവർക്കും സ്കോളർഷിപ്പ് അവാർഡ് നൽകുന്ന പദ്ധതിയാണിത്. |
| 8 | സിവിൽ സർവ്വീസ് ഫീ-റീ ഇംബേഴ്സ്മെൻറ് സ്കീം | കോഴ്സ് ഫീ ഇനത്തിൽ പ്രതിവർഷം 20000/- രൂപയും, ഹോസ്റ്റൽ ഫീ ഇനത്തിൽ 10000/- രൂപയും | സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ മത വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീ/ഹോസ്റ്റൽ ഫീസ് റീ - ഇംബേഴ്സ്മെന്റ് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. |
| 9 | വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | 2022-23 സാമ്പത്തിക വർഷം മുതൽ പരമാവധി 5,00,000/- രൂപ | സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വ കലാശാലകളിൽ ബിരുദ-ബിരുദാനന്തര- പി.എച്ച്.ഡി കോഴ്സുകൾക്ക് ഉന്നത വിദ്യാഭ്യാസം നടത്തുന്നതിന് വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. വിദേശ ഉപരി പഠനത്തിനായി വിദ്യാർത്ഥികൾ ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോ, ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നോ വിദ്യാഭ്യാസ വായ്പ എടുക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. |

| | | | |
|---|---|---|---|
| 10 | ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് അവാർഡ് | 1000/- രൂപ | ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കും ഉറുദു രണ്ടാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. |
| 11 | മാർഗ്ഗദീപം സ്കോളർഷിപ്പ് | 1500/- രൂപ | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്നാം തരം മുതൽ എട്ടാം തരം വരെ പഠിക്കുന്ന ന്യൂനപക്ഷ മത വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. |
| 12 (a) | സ്വകാര്യ ഐ.റ്റി.ഐ - കളിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം | 10000/- (ഒരു വർഷ കോഴ്സ്) 20000/- (രണ്ട് വർഷ കോഴ്സ്) എന്ന തോതിൽ ഫീസ് റീ - ഇംമ്പേഴ്സ്മെന്റ് ആയാണ് സ്കോളർഷിപ്പ് നൽകുന്നത്. | പ്രൈവറ്റ് ഐ.റ്റി.ഐ - കളിൽ ഒരു വർഷം/ രണ്ട് വർഷം കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. |
| (b) | അസാപ്, KITTS, KASE, ODEPEC മുഖേന നൈപുണ്യ പരിശീലന പദ്ധതി | | അസാപ്, KITTS, KASE, ODEPEC മുഖേന നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതിയാണിത്. |

**സെക്ഷൻ ഓഫീസർ**